**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 336** **08-08-2023 - ൽ മറുപടിയ്ക്ക്**

**ഓട്ടോറിക്ഷകൾക്ക് ഹാൾട്ടിംഗ് പെർമിറ്റ് അനുവദിക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ ഓട്ടോറിക്ഷകൾക്ക് ഹാൾട്ടിംഗ് പെർമിറ്റുകൾ അനുവദിക്കുന്നതിന് നിയമപരമായ അധികാരം ആർക്കാണുള്ളതെന്നും അതിനുള്ള നടപടികളും വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | ഹാൾട്ടിംഗ് പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി നിയമങ്ങളിൽ പ്രത്യേകമായി വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 227, പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഗ്രാമപഞ്ചായത്തിന് പൊതുവായ ഇറക്കു സ്ഥലങ്ങൾ, വിരാമസ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, (മൃഗങ്ങൾക്കും ഏത് തരത്തിലുള്ള വാഹനങ്ങൾക്കുമുള്ള സ്റ്റാന്റുകൾ ഉൾപ്പെടെ) എന്നിവ ഏർപ്പെടുത്തുകയും അവ ഉപയോഗിക്കുന്നതിന് ഫീസ് ചുമത്തുകയും, അപ്രകാരം ഏതെങ്കിലും സ്ഥലമോ സ്റ്റാൻഡോ ഏർപ്പെടുത്തിയിരിക്കുമ്പോൾ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ നിയന്ത്രണത്തിന് വിധേയമായി പഞ്ചായത്ത് നിർദ്ദേശിക്കാവുന്ന പ്രകാരം അതിൽ നിന്ന് നിശ്ചിത ദൂരത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ഏതെങ്കിലും പൊതുസ്ഥലമോ പൊതുവഴിയുടെ പാർശ്വങ്ങളോ ഏതൊരാളും ആ ആവശ്യത്തിലേക്ക് ഉപയോഗിക്കുന്നത് നിരോധിക്കുകയും ചെയ്യാവുന്നതാണെന്നും എന്നാൽ വാഹനങ്ങൾക്ക് ഏതെങ്കിലും സ്റ്റാൻഡോ, വിരാമസ്ഥലമോ തുറക്കുന്നതിനു മുമ്പ് റിജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതാകുന്നു എന്നും വ്യവസ്ഥ ചെയ്യുന്നു. നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് പ്രസ്തുത സ്ഥലത്ത് പാർക്കിംഗ് അനുവദിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 472, ഒരു മുനിസിപ്പാലിറ്റിക്ക് സർക്കാർ ഇതിലേക്കായി പുറപ്പെടുവിക്കുന്ന മാർഗനിർദേശങ്ങൾക്ക് വിധേയമായി പൊതുവായ ഇറക്കുസ്ഥലങ്ങളോ, വിരാമ സ്ഥലങ്ങളോ, വണ്ടിത്താവളങ്ങളോ |

| | | | |
|---|---|---|---|
| | | | ഉണ്ടാക്കുകയോ ഏർപ്പെടുത്തി വയ്ക്കുകയോ ചെയ്യാവുന്നതും അതുപയോഗിക്കുന്നതിനായി ഫീസ് ചുമത്താവുന്നതുമാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. സ്വകാര്യ വണ്ടിത്താവളങ്ങൾക്ക് ലൈസൻസ് അനുവദിക്കുന്നതിന് മുനിസിപ്പാലിറ്റി നിയമത്തിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഹാൾട്ടിംഗ് പെർമിറ്റ് എത്ര വർഷത്തേക്കാണ് അനുവദിക്കുന്നതെന്നും അപേക്ഷ സമർപ്പിക്കേണ്ടതുൾപ്പെടെ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളെന്തെല്ലാമെന്നും അറിയിക്കാമോ; ട്രാഫിക് റെഗുലേറ്ററി കമ്മറ്റികൾ രൂപീകരിക്കുന്നതും യോഗം ചേരുന്നതും തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയിലാണോ; വിശദമാക്കാമോ; | (ബി) | ഹാൾട്ടിംഗ് പെർമിറ്റ് അനുവദിക്കുന്നതും ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികൾ രൂപീകരിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്നില്ല . കൂടാതെ തൊഴിലാളി സംഘടനകളുടെ കോർഡിനേഷൻ കമ്മിറ്റികൾ നിയമവിരുദ്ധമായി ഹാൾട്ടിംഗ് പെർമിറ്റ് നമ്പരുകൾ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല |
| (സി) | തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിൽ ഹാൾട്ടിംഗ് പെർമിറ്റ് നമ്പരുകൾ വിതരണം ചെയ്യുന്നതിന് തൊഴിലാളി സംഘടനകളുടെ കോർഡിനേഷൻ കമ്മിറ്റികൾക്ക് അധികാരമുണ്ടോ; ഇല്ലായെങ്കിൽ ഇത്തരത്തിൽ നിയമവിരുദ്ധമായി ഹാൾട്ടിംഗ് പെർമിറ്റ് നമ്പരുകൾ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ട നിയമനടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (സി) | ഹാൾട്ടിംഗ് പെർമിറ്റ് അനുവദിക്കുന്നതും ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികൾ രൂപീകരിക്കുന്നതും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ വരുന്നില്ല . കൂടാതെ തൊഴിലാളി സംഘടനകളുടെ കോർഡിനേഷൻ കമ്മിറ്റികൾ നിയമവിരുദ്ധമായി ഹാൾട്ടിംഗ് പെർമിറ്റ് നമ്പരുകൾ വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപെട്ടിട്ടില്ല |

സെക്ഷൻ ഓഫീസർ